HON'BLE MR. A. ATCHUTHAN : അന്ന് ആവശ്യക്കാർ ആരുമില്ലായിരുന്നു. അതുകൊണ്ടു ഞാൻ അതു ആദായകരമായിരുന്നുവെന്നുവേണ്ണാ കരുതാൻ.

MR. K. R. ELANKATH (*Trivandrum IV—General*) : ഈ ശതമാനം ഇലക്ട്രിസിറ്റി ഈ രണ്ടു ഫാക്ടറികൾക്കുമായി കൊടുക്കുന്നത്തിനിന്നും കിട്ടുന്ന വരവു എത്രയാണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : അതെ വരവിന്റെ കണക്കിപ്പോൾ പറയാൻ നിവൃത്തിയില്ല. ഇപ്പോൾ യൂനിറ്റിന് മൂന്നര പൈസ വച്ചാണ് കൊടുക്കുന്നത്.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*) : ഈ കമ്പനികൾക്ക് ആവശ്യമുള്ള ഇലക്ട്രിസിറ്റി കൊടുത്തുകൊള്ളാമെന്ന് ഒരു അണ്ടർടേക്കിംഗ് ഇല്ലേ?

HON'BLE MR. A. ATCHUTHAN : നോട്ടീസു വേണം.

Encroachments.

500. MR. M. VARKEY (*Kunnatnad II—General*) : Will the Honourable Minister for Land be pleased to state whether the Government have received complaints from the public against encroachments upon the public grazing lands in the Vengoor pakuthi, Kunnatnad taluk and if so, when and what action has been taken?

HON'BLE MR. C. KESAVAN : A petition from the public complaining against the encroachment has been received. Action is being taken under the Land Conservancy Act for evicting the encroachers.

Sale of Iron.

501. MR. M. VARKEY : Will the Hon'ble Minister for Agriculture be pleased to state :

(*a*) the quantity of iron sold out to agriculturists at concession rates through the Perumbavur depot in the year 1123; and

(*b*) why even at concession rates the sale was so poor ?

HON'BLE MR. K. M. KORAH : (*a*) 1292 pounds.

(*b*) There was no sufficient demand for the materials.

പാലം.

502. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ള്യു. വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വക്കം-കായിക്കര റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനു കായിക്കര കടവിൽ ഒരു പാലം പണിയിക്കേണ്ടതിന്റെ അത്യാവശ്യകതയെ കുറിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസിന് പാലം പണിയിക്കുന്നതിനു വേണ്ട പണം കൊള്ളിച്ചിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (a) No.

(b) Does not arise in view of the answer to Part (a).

MR. ABDUL MAJEED : കായിക്കര കടവിൽ ഒരു പാലം വേണമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ?

MR. PRESIDENT : ചോദ്യം തന്നെ അതാണ്. അതിനുള്ള ഉത്തരം നേരത്തെ പറഞ്ഞുകഴിഞ്ഞു.

Timber Depot at Varapuzha.

503. MR. PAUL THALIAT : Will the Honourable Minister for Land be pleased to state:

(a) whether there is a timber depot at Varapuzha in Parur taluk;

(b) whether he is aware that a timber depot has been opened by Forest Industries Travancore Ltd., very near to the Government depot ; and

(c) whether he is aware that timber is sold from this depot at a lower rate than the tariff rate fixed by Government ?

HON'BLE MR. C. KESAVAN : (a) Yes.

(b) Yes.

(c) Timber is sold in auction at both the depots at varying rates according to the quality and demand.

MR. PAUL THALIAT : ഗവണ്മെന്റ് ഡിപ്പോവിലുള്ള തടികൾക്ക് ടാരിഫ് റേറ്റ് നിശ്ചയിച്ചിട്ടില്ലേ?

HON'BLE MR. C KESAVAN : ടാരിഫ് റേറ്റ് ഉണ്ട്. എങ്കിലും സാധാരണമായി തടികം ലേലത്തിലാണ് വിൽക്കുന്നത്.

MR. PAUL THALIAT : ടാരിഫ് റേറ്റിൽ കുറഞ്ഞവിലയ്ക്ക് വിൽക്കുകയാണെങ്കിൽ നഷ്ടം അല്ലേ വരുന്നത്?

HON'BLE MR. C. KESAVAN : ലേലത്തിലാണ് വിൽക്കുന്നത്. അതുകൊണ്ട് നഷ്ടമെന്നു പറയാൻ നിവൃത്തിയില്ല.

MR. PAUL THALIAT : എഫ്. ഐ. ടി. കമ്പനി ടാരിഫ് റേറ്റിൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതായി അറിയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. PAUL THALIAT : ഞാൻ തന്നെ അങ്ങിനെ വാങ്ങിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന് അറിയാമോ ?

HON'BLE MR. C. KESAVAN : അതും അറിഞ്ഞുകൊണ്ടാ.

LIBRARY ARCHIVES Kerala Legislative Assembly